


ഖലീഫത്തുൽ മസീഹ് അൽ ഖാമിസ്

بسم الله الرحمن الرحيم O نحمده ونصلى علىٰ رسوله الكريم O وعلىٰ عبده المسيح الموعود

**ജുമുഅ ഖുത്ബ 2011 ആഗസ്ത് 12**

**ഹദ്റത് ഖലീഫത്തുൽ മസീഹ് അൽഖാമിസ്** ایده الله تعالیٰ بنصره العزیز

**(ഖുത്ബ നമ്പർ 32)**

വിവർത്തനം എം. നാസിർ അഹ്മദ് കൊടിയത്തൂർ



Baitul Futuh, London

# റമദാനിലെ അനുഗ്രഹങ്ങൾ കരസ്ഥമാക്കാനുള്ള വഴികൾ

وَاِذَا سَاَلَكَ عِبَادِىْ عَنِّىْ فَاِنِّىْ قَرِيْبٌ ؕ اُجِيْبُ دَعْوَةَ الدَّاعِ
اِذَا دَعَانِ ۙ فَلْيَسْتَجِيْبُوْا لِىْ وَلْيُؤْمِنُوْا بِىْ لَعَلَّهُمْ يَرْشُدُوْنَ ﴿۱۸۷﴾

ഈ ആയത്തിന്റെ തർജ്ജമ ഇപ്രകാരമാണ്. എന്റെ ദാസർ എന്നെക്കുറിച്ച് നിന്നോട് ചോദിച്ചാൽ, ഞാൻ തീർച്ചയായും അടുത്ത് തന്നെയുണ്ട്. ദുആ ചെയ്യുന്നവൻ എന്നെ വിളിച്ച് പ്രാർത്ഥിച്ചാൽ അവന്റെ വിളിക്ക് ഞാൻ ഉത്തരം നൽകുന്നു. അവനും എന്റെ കാര്യങ്ങൾക്ക് ഉത്തരം നൽകേണ്ടതാണ്. എന്നിൽ വിശ്വസിക്കുകയും ചെയ്യേണ്ടതാണ്. അവന് ഹിദായത്ത് കരസ്ഥമാകുന്നതിനുവേണ്ടി.(2.187)

ലോകത്തിന് എത്രകണ്ട് ഇക്കാലത്ത് അല്ലാഹുവിലേക്ക് തിരിയേണ്ട ആവശ്യമുണ്ടോ അത്രകണ്ട് ലോകം ദൈവത്തിൽ നിന്ന് അകലുകയാണ് ചെയ്യുന്നത്. ഈ ലോകത്ത് താമസിക്കുന്ന മനുഷ്യൻ, സൃഷ്ടികളിൽ ഉത്തമനാണെന്നാണ് പറയപ്പെടുന്നത്. ലോകത്തുള്ള കുഴപ്പങ്ങളിൽ നിന്നും പരീക്ഷണങ്ങളിൽ നിന്നും രക്ഷപ്പെട്ട് തന്റെ പര്യവസാനം ശരിയാക്കിത്തീർക്കുന്നതിനായി അവന് എത്രകണ്ട് അല്ലാഹുവുമായി ബന്ധം സ്ഥാപിക്കേണ്ടതുണ്ടോ അത്രകണ്ട് അവൻ ദൈവത്തിൽ നിന്നും അകന്നുകൊണ്ടിരിക്കുന്നു. ദൈവവുമായി ബന്ധം സ്ഥാപിക്കുന്നവരാണെന്ന് വാദിക്കുന്നവരും അതിന്റേതായ നിബന്ധനകൾ പാലിക്കുന്നില്ല. ആ നിബന്ധനകൾ പാലിക്കാൻ അവർ ശ്രമിക്കുന്നുമില്ല. അല്ലാഹുവുമായി ബന്ധം സ്ഥാപിക്കുന്നതിനായി ഉപരിപ്ലവമായ വിശ്വാസമോ പ്രവർത്തനമോ മതിയായിത്തീരുന്നതല്ല എന്ന പരമാർത്ഥം അവർ അറിയുന്നില്ല. വിശ്വാസത്തിന്റെയും പ്രവർത്തനങ്ങളുടെയും ഉള്ളറകളിലേക്ക് കൊണ്ടെത്തിക്കുന്ന ആ ആത്മാവിനെയാണ് അവർ അന്വേഷിക്കേണ്ടത്. ഞങ്ങൾ വിശ്വാസികളാണെന്നും അല്ലാഹുവുമായി ബന്ധം സ്ഥാപിക്കുന്നവരാണെന്നും വാദിക്കുന്നവരുടെ അവസ്ഥയാണിത്. എന്നാൽ ലോകജനസംഖ്യയിൽ മുക്കാൽ ഭാഗം ആളുകളും അല്ലാഹുവിന്റെ സ്ഥാനത്ത് മറ്റുള്ള പൊഴ്ദൈവങ്ങളെ പ്രതിഷ്ഠിച്ച് ശിർക്കിൽ അകപ്പെട്ടിരിക്കുകയാണ്. അതല്ലെങ്കിൽ അവർക്ക് ദൈവത്തിന്റെ അസ്ഥിത്വത്തിൽ വിശ്വാസമേ ഇല്ല. ദൈവത്തെ തന്നെ അവർ നിഷേധിക്കുന്നവരാണ്. അവർ നിഷേധിക്കുക മാത്രമല്ല ഒരു ലോകത്തെതന്നെ വഴികേടിലേക്ക് നയിക്കുന്നതിന് ഒരു കുറവും വരുത്തുന്നുമില്ല.

എന്നാൽ ഈ അവസ്ഥയെല്ലാം നിലനിൽക്കെ തന്നെ ചെറിയ ഒരു സംഘം അല്ലാഹുവിന്റെ വാഗ്ദാനങ്ങളിൽ വിശ്വസിക്കുന്നവരും തിരുനബി ﷺ യുടെ പ്രവചനങ്ങൾ പൂർത്തിയായെന്ന് അംഗീകരിക്കുന്നവരും അല്ലാഹു ആ മഹാത്മാവിനോട് ചെയ്തിരിക്കുന്ന വാഗ്ദാനങ്ങൾ എല്ലാം സത്യപ്പെടുത്തുന്നവരുമായിട്ടുണ്ട്.

ലോകം ഇക്കാലത്ത് അവരുടെ പടച്ചവനെ, ആകാശഭൂമിയുടെ സ്യഷ്ടാവിനെ മറന്നുപോകുകയും ലോകത്ത്നിന്ന് ദൈവത്തിന്റെ സത്തയെക്കുറിച്ചുള്ള യഥാർഥ ജ്ഞാനം ഇല്ലാതായിത്തീരുകയും ചെയ്തപ്പോൾ അല്ലാഹു തന്റെ റുബൂബിയ്യത്ത് എന്ന ഗുണം പ്രകടിപ്പിച്ചുകൊണ്ട് ഈ കാലഘട്ടത്തെ കുഴപ്പങ്ങളിൽ നിന്നും മോചിപ്പിക്കുന്നതിന്നായി, സൃഷ്ടികളെ സൃഷ്ടാവുമായി സമീപസ്ഥമാക്കുന്നതിന്നായി, ഒരു ഇമാമിനെ അയച്ചു എന്ന് അവർ അടിയുറച്ച് വിശ്വസിക്കുന്നു. ഈ ജമാഅത്ത് അല്ലാഹുവിന്റെ അനുഗ്രഹത്താൽ നമ്മൾ അഹ്മദികളുടേതാണ്. അല്ലാഹു അയക്കേണ്ട വ്യക്തിയെ അയച്ചിരിക്കുന്നു എന്നതിലുള്ള വിശ്വാസം മാത്രം മതിയാകുന്നതാണോ? വരാനിരിക്കുന്ന വ്യക്തിയും അദ്ദേഹത്തിന്റെ ചില അനുയായികളും ജനങ്ങളെ ദൈവവുമായി അടുപ്പിച്ച് ലോകത്ത് നിന്ന് കുഴപ്പങ്ങൾ ഇല്ലാതാക്കുന്നതാണെന്ന് വിശ്വസിച്ചാൽ മതിയോ? അഹ്മദികളായ നമ്മുടെ ചിന്താഗതി ഇതാണെങ്കിൽ നാമും വിശ്വസിക്കുകയും ആരാധിക്കുകയും ചെയ്യുന്നവരാണെന്ന് വാദിക്കുകയും എന്നാൽ അതനുസരിച്ച് പ്രവർത്തിക്കാത്തവരെയും പോലെ ആയിത്തീരും. നമ്മുടെ അവസ്ഥയെക്കുറിച്ച് നാം ഒരു പര്യാലോചന നടത്തുന്നില്ലെങ്കിൽ, നാം അല്ലാഹുവുമായി ബന്ധം സ്ഥാപിക്കുന്നില്ലെങ്കിൽ, നമ്മുടെ സന്താനങ്ങളെയും ഈ വന്ന വ്യക്തിയെക്കുറിച്ച് അറിയിക്കുന്നവരല്ലെങ്കിൽ നാമും എല്ലാം ലഭിച്ചിട്ടും നഷ്ടപ്പെടുത്തിയവരിൽ ഉൾപ്പെടുന്നതാണ്. നാം ലോകരുടെ ശത്രുത സമ്പാദിക്കുന്നതോടൊപ്പം ദൈവത്തെ പ്രാപിക്കാത്തവരും ആയിത്തീരും. അഹ്മദി ആയതിനുശേഷം, ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ ബൈഅത്തിൽ വന്നതിനുശേഷം യഥാർത്ഥ റഹ്മാന്റെ ദാസനിൽ ഉണ്ടായിത്തീരേണ്ട ആത്മാവ് ഉണ്ടാക്കാൻ നാം ശ്രമിക്കേണ്ടതാണ്. റസൂലുല്ലാഹി ﷺ നമ്മിൽ ഉണ്ടാക്കാൻ ശ്രമിച്ച ആ പദവികൾ കരസ്ഥമാക്കാൻ നാം ശ്രമിക്കേണ്ടതാണ്. തിരുനബിയുടെ ഉമ്മത്തിൽ നിന്നും ചിലരെക്കുറിച്ച് പുറംതള്ളപ്പെടും എന്ന് അല്ലാഹു തിരുനബി ﷺ യെ അറിയിച്ചപ്പോൾ തിരുനബി ﷺ തന്റെ ഉമ്മത്തിനെക്കുറിച്ച് ചിന്താകുലനായി. അല്ലാഹു തിരുനബിയുടെ വ്യാകുലതയും തന്റെ ഉമ്മത്തിനെക്കുറിച്ചുള്ള വിഷമവും കണ്ടപ്പോൾ തന്റെ ഉമ്മത്തിന് വേണ്ടി ആ മഹാത്മാവിന്റെ ദുആ സ്വീകരിച്ചുകൊണ്ട് അല്ലാഹു പറഞ്ഞു.

وَّاٰخَرِيْنَ مِنْهُمْ لَمَّا يَلْحَقُوْا بِهِمْ ؕ وَهُوَ
الْعَزِيْزُ الْحَكِيْمُ ﴿۴﴾

ഇവരോട് ഇതേവരെ ചേർന്നിട്ടില്ലാത്ത മറ്റൊരു കൂട്ടരിലും. അവൻ പ്രതാപശാലിയും യുക്തിജ്ഞനുമാകുന്നു.(62.4)

അല്ലാഹുതആല തിരുനബി ﷺ യുടെ പ്രയാസവും വിഷമവും

ദൂരീകരിച്ചുകൊണ്ട് ഇപ്രകാരം പറഞ്ഞു. അല്ലയൊ മുഹമ്മദ് ﷺ! ഏതുപോലെ അക്ഷരജ്ഞാനമില്ലാത്ത ബഹുദൈവ വിശ്വാസികളായ സമൂഹത്തെ ദൈവത്തിന്റെ ദാസരാക്കി അല്ലാഹു മാറ്റിയോ, ആർഭാഢങ്ങളിൽ മുഴുകി ദൈവത്തെ മറന്ന ഒരു സമൂഹത്തെ ദൈവാരാധനയുടെ ഉത്തുങ്കശ്രേണിയിൽ അവൻ ഉയർത്തിയോ, അതേപോലെ ഈ ഉമ്മത്ത് അധഃപതിച്ചാലും അവസാനകാലത്ത് നിന്റെ ഒരു പ്രേമിയെ ജനിപ്പിച്ച്കൊണ്ട് അദ്ദേഹം മുഖേന എന്റെ യഥാർഥ ദാസരായിത്തീരുന്ന ഇബാദുറ്റഹ്‌മാനായ ദാസരെ ഞാൻ ഉണ്ടാക്കുന്നതാണ്. അതുകൊണ്ട് അല്ലയോ മുഹമ്മദ് ﷺ ! നിന്റെ ഉമ്മത്തിന് താൽക്കാലികമായ ഒരു അധഃപതനം നേരിടേണ്ടിവരുമെങ്കിലും മുഹമ്മദ് ﷺ ന്റെ ദീൻ തന്നെയായിരിക്കും മാനവസമൂഹത്തിന്റെ മോചനമാർഗം എന്ന് പ്രതാപവാനും യുക്തിജ്ഞനുമായ അല്ലാഹു തീരുമാനിച്ചുറപ്പിച്ചിരിക്കുന്നു. ദീനെ മുഹമ്മദ് ﷺ തന്നെയായിരിക്കും ലോകത്തുള്ള ഫസാദുകൾ അകറ്റുന്നതിനുള്ള അവസാന ആശ്രയവും പ്രത്യാശയും. ഈ ദീൻ തന്റെ സൗന്ദര്യം പ്രകടമാക്കിക്കൊണ്ട് മറ്റു മതങ്ങളുടെ മേൽ വിജയം കൈവരിക്കുന്നതായിരിക്കും. അല്ലാഹുവുമായി ബന്ധം സ്ഥാപിക്കുന്നതിനായി മുഹമ്മദീ മസീഹും അദ്ദേഹത്തെ അംഗീകരിക്കുന്നവരുമാണ് പ്രവർത്തിക്കേണ്ടത്.

റബ്ബുൽ ആലമീനായ അല്ലാഹു തആല ഉത്തമ സൃഷ്ടികളായ മനുഷ്യനെ നഷ്ടപ്പെടുന്നതിൽ നിന്നും രക്ഷിക്കുന്നതിന്നായാണ്, ഉത്തമ സമുദായത്തിന് അതിന്റെ ഉന്നത പദവി നൽകുന്നതിന്നായാണ് ഈ ഏർപ്പാടുകൾ ചെയ്തിട്ടുള്ളത്. ഇനിയും ഇവ്വിധമുള്ള ഏർപ്പാടുകൾ ചെയ്യുന്നതാണ്. നിന്റെ പ്രിയ പ്രേമി വന്ന് ലോകത്ത് വീണ്ടും ദീനിനെ സ്ഥാപിക്കുന്നതാണ് എന്ന് തിരുനബിയെ ആശ്വസിപ്പിക്കുകയുണ്ടായി. തിരുനബി ﷺ യുടെ അനുഗ്രഹാശിസുകളോടെയാണ് വരാനിരിക്കുന്ന മസീഹ് ആഗതനാകുക.

ഹദ്റത്ത് മസീഹ് മൗഊദ് عليه السلام റബ്ബുൽ ആലമീനിലെ റുബൂബിയ്യത്തിനെ വിവരിച്ചുകൊണ്ട് പറയുന്നു. അല്ലാഹു സുബ്ഹാനവുതആല തന്റെ വചനമായ ***റബ്ബുൽ ആലമീൻ*** എന്ന വചനത്തിൽ സൂചന നൽകുന്നത്, അവൻ എല്ലാ വസ്തുക്കളുടെയും സൃഷ്ടാവാണെന്നാണ്. ആകാശഭൂമികളിലുള്ളതെല്ലാം അവന്റെ ഭാഗത്തുനിന്നാണ്. ഈ ഭൂമിയിൽ നേർവഴിയിലുള്ള ജമാഅത്തുകളെല്ലാം തന്നെ അതേപോലെ വഴികേടിലായവരും കുറ്റവാളികളായവരും എല്ലാം തന്നെ ആലമീൻ എന്നതിൽ ഉൾപ്പെടുന്നു. ചില കാലത്ത് വഴികേട്, നിഷേധം, ധിക്കാരം, അസന്തുലനം എന്നീ അവസ്ഥകൾ അധികരിക്കുന്നു. അങ്ങനെ ഭൂമി അക്രമത്താലും അനീതിയാലും നിറയുന്നു. ലോകർ പ്രതാപവാനായ ദൈവത്തിന്റെ മാർഗം വിട്ടൊഴിയുന്നു. ഉബൂബിയ്യത്തിന്റെ യാഥാർഥ്യം അവർ തിരിച്ചറിയുന്നില്ല. റുബൂബിയ്യത്തിന്റെ കടമ അവർ നിർവ്വഹിക്കുന്നുമില്ല. ആ കാലം അന്ധകാരനിബിഢമായ രാത്രി പോലെ ആയിത്തീരുന്നു. ദീൻ ഈ വിപത്തിനകത്ത് ഞെങ്ങി അമരുന്നു. അപ്പോൾ അല്ലാഹു പുതിയ ഒരു ആലം (പ്രപഞ്ചം) കൊണ്ടുവരുന്നു. അങ്ങനെ ഈ ഭൂമി മറ്റൊരു ഭൂമിയായി പരിവർത്തിക്കപ്പെടുന്നു. ആകാശത്ത് നിന്ന് പുതിയ ഒരു വിധി നടപ്പിൽ വരുന്നു. ലോകർക്ക് ദൈവത്തെ തിരിച്ചറിയാനുള്ള ഹൃദയവും ദൈവികാനുഗ്രഹങ്ങൾക്ക് നന്ദി പ്രകടിപ്പിക്കുവാനുള്ള സംസാരിക്കുന്ന നാവും നൽകപ്പെടുന്നു. അവർ തങ്ങളുടെ ആത്മാക്കളെ അല്ലാഹുവിന്റെ സവിധത്തിൽ ചവിട്ടിമെതിക്കപ്പെട്ട ഒരു വഴിപോലെ ആക്കിത്തീർക്കുന്നു. ഭയത്തോടും ഏറെ പ്രതീക്ഷയോടും കൂടി അവനിലേക്ക് വരുന്നു. ലജ്ജ കാരണം താഴോട്ട് പതിക്കുന്ന ദൃഷ്ടികളാലും തങ്ങളുടെ ലക്ഷ്യത്തിലേക്ക് മാത്രം തിരിക്കുന്ന മുഖത്തോടും കൂടി അവർ വരുന്നു. അത്യുന്നതങ്ങളെ മുട്ടിവിളിക്കുന്ന ദാസത്വത്തിന്റെ സ്നേഹം അവരിൽ നിന്ന് പ്രകടമാകുന്നു. പ്രശ്നസങ്കീർണ്ണമാകുന്ന ഈ കാലത്ത് അങ്ങനെയുള്ളവരുടെ ആവശ്യമാണ് ഉള്ളത്. അവസ്ഥ ആകെ മാറിമറിഞ്ഞതുകാരണം ജനങ്ങൾ വന്യമൃഗങ്ങളെപ്പോലെയും നാൽക്കാലികളെപ്പോലെയും ആയിത്തീരുന്നു. ആ സമയത്ത് അല്ലാഹുവിന്റെ കാരുണ്യവും സഹായവും ആവശ്യപ്പെടുന്നത് അന്ധകാരത്തെ അകറ്റുകയും ഇബ്‌ലീസ് നിർമ്മിച്ചിരിക്കുന്ന കെട്ടിടങ്ങളെയും കൂടാരങ്ങളെയും തകർത്ത് തരിപ്പണമാക്കുകയും ചെയ്യുന്ന ഒരു വ്യക്തിയെ ആകാശത്ത് സൃഷ്ടിക്കുക എന്നതാണ്. അപ്പോൾ റഹ്‌മാനായ അല്ലാഹുവിന്റെ പക്കൽ നിന്ന് ഒരു ഇമാം അയക്കപ്പെടുന്നു. ശൈത്വാന്റെ സൈന്യത്തെ നേരിടുന്നതിനുവേണ്ടി. റഹ്‌മാന്റെയും ശൈത്വാന്റെയും ഈ സൈന്യങ്ങൾ ശക്തമായി ഏറ്റുമുട്ടുന്നു. ഇരുകണ്ണുകൾ നൽകപ്പെട്ടവരാണ് ഇതെല്ലാം കാണുന്നത്. അങ്ങനെ അവസാനം വ്യാജത്തിന്റെ കഴുത്തിൽ കുരുക്ക് വീഴുന്നു. വ്യാജ പ്രസ്ഥാനങ്ങളുടെ മരീചികപോലെയുള്ള ന്യായവാദങ്ങൾ ഉൻമൂലനം ചെയ്യപ്പെടുന്നു. അങ്ങനെ ആ ഇമാം ശത്രുക്കളെ വിജയിച്ചടക്കുകയും ഹിദായത്ത് ലഭിച്ച കൂട്ടരുടെ സഹായിയായിത്തീരുകയും ചെയ്യുന്നു. അദ്ദേഹം ഹിദായത്തിന്റെ പതാക ഉയർത്തുന്നു. പവിത്രതയുടെ സ്ഥാനവും മാനവും നിലനിർത്തുന്നവനായിത്തീരുന്നു. അങ്ങനെ അദ്ദേഹം വന്ന് നിഷേധികളുടെ നേതാക്കന്മാരെ ബന്ധനസ്ഥനാക്കി എന്നും അവരെ വരിഞ്ഞുകെട്ടിയിരിക്കുന്നു എന്നും ജനങ്ങൾ തിരിച്ചറിയാൻ തുടങ്ങുന്നു. അദ്ദേഹം കളവിന്റെയും വഞ്ചനയുടെയും ക്രൂരമൃഗങ്ങളെ കൂട്ടിലടച്ചിട്ടുണ്ടെന്നും അവരുടെ കഴുത്തിൽ വട്ടം ഇട്ടിരിക്കുന്നു എന്നും ബിദ്അത്തുകളുടെ കെട്ടിടങ്ങളെ തകർത്തിരിക്കുന്നു എന്നും അതിന്റെ ഗോപുരങ്ങളെ തറപറ്റിച്ചിട്ടുണ്ടെന്നും അവർ തിരിച്ചറിയുന്നു. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام പറഞ്ഞിരിക്കുന്ന ഈ മഹത്തായ വിപ്ലവം തിരുനബി ﷺ മുഖേന പ്രത്യക്ഷമാകുകയുണ്ടായി. ഇതാണ് ആ മഹാത്മാവ് വിവരിക്കുന്നത്. തിരുനബി ﷺ വെളിപ്പെട്ടപ്പോൾ പ്രകടമായ ഈ വിപ്ലവം താൽക്കാലികമായിരുന്നുവോ? താൽക്കാലികമായി സൃഷ്ടിക്കപ്പെട്ട പ്രപഞ്ചമായിരുന്നുവോ അത്? തിരുനബി ﷺ ഖാത്തമുൽ അമ്പിയാ ആയിരുന്നു. അദ്ദേഹത്തിന്റെ കാലഘട്ടം ഖിയാമത്ത് നാൾ വരെ നീണ്ടുനിൽക്കുന്നതാണ്. അദ്ദേഹത്തിന്റെ ഉമ്മത്ത് ഖിയാമത്ത് നാൾ വരെ വിജയിച്ചുകൊണ്ടിരിക്കുന്ന ഉമ്മത്താണ്. ഈ ഉമ്മത്തിന്റെ നബിയാണ് അങ്ങുന്ന്. ഈ വിപ്ലവം നിലനിൽക്കും എന്ന് തിരുനബി ﷺ ക്ക് അല്ലാഹു അറിയിച്ചിരുന്നു. അതിന് ഭാവിയിൽ ഒരു വ്യക്തി വരും എന്ന് പറഞ്ഞു. ഈ കാര്യം വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ഒരു സ്ഥലത്ത് പറയുന്നു.

റബ്ബുൽ ആലമീൻ എന്ന വചനത്തിൽ പരിശുദ്ധനായ അല്ലാഹു വെളിപ്പെടുത്തുന്ന മറ്റൊരു കാര്യം, അവൻ എല്ലാ വസ്തുക്കളുടെയും സൃഷ്ടാവാണെന്നാണ്. ആകാശഭൂമികളിൽ അവന്റെ സ്തുതിയാണ് നടക്കുന്നത്. സ്തുതിക്കുന്നവർ എപ്പോഴും അവന്റെ സ്തുതിയിൽ മുഴുകിയിരിക്കുന്നു. അവർ ദൈവസ്മരണയിൽ ലയിച്ചിരിക്കും. എല്ലാ വസ്തുക്കളും തന്നെ അവന്റെ തസ്ബീഹും തഹ്‌മീദും ചെയ്തുകൊണ്ടിരിക്കുന്നു. അവന്റെ ഏതെങ്കിലും ദാസൻ തന്റെ ആഗ്രഹാഭിലാഷങ്ങളുടെ ഉടുപ്പ് അഴിച്ചുമാറ്റി തന്റെ വികാരങ്ങളിൽ നിന്ന് സ്വതന്ത്രനായിത്തീരുകയും അല്ലാഹുവിന്റെ മാർഗത്തിലും അവന്റെ

ആരാധനയിലും തന്നെ ലയിപ്പിക്കുകയും ചെയ്യുകയും തന്റെ കൃപാ കടാക്ഷം കൊണ്ട് അവനെ പോറ്റിവളർത്തിയ പരിപാലകനായ നാഥ നെ അവൻ തിരിച്ചറിയുകയും എല്ലാ നിമിഷവും തന്നെ ആ ദൈവ ത്തെ സ്തുതിക്കുകയും തന്റെ ഹൃദയമാസകലം മാത്രമല്ല, തന്റെ അസ്ഥിത്വം ഒന്നടങ്കം സമ്പൂർണ്ണമായി അവനെ സ്നേഹിക്കുകയും ചെയ്യുമ്പോൾ ആ സമയത്ത് ആ വ്യക്തി പ്രപഞ്ചങ്ങളിലുള്ള ഒരു പ്രപഞ്ചമായിത്തീരുന്നു. അതുകൊണ്ടാണ് ആലമുൽ ആലമീന്റെ ഗ്രന്ഥമായ വിശുദ്ധ ഖുർആനിൽ ഹദ്റത്ത് ഇബ്രാഹീം عليه السلام ന്റെ പേര് ഉമ്മത്ത് എന്ന് വെച്ചിരിക്കുന്നത്. ആലമീനിൽ പെട്ട ഒരു ആലം തിരുനബി ﷺ യും ആഗതരായ ഒരു പ്രപഞ്ചവുമാണ്. മറ്റൊരു ആലം കൂടിയുണ്ട്. അത് അല്ലാഹു തന്റെ അന്വേഷകരിൽ കരുണ ചെയ്തുകൊണ്ട് അവസാന കാലത്ത് മുഅ്മിനീങ്ങളുടെ മറ്റൊരു സംഘത്തെ സൃഷ്ടിക്കുന്നതാണ്. ഇതിലേക്ക് സൂചന നൽകിക്കൊണ്ടാണ് അല്ലാഹു തന്റെ വചനമായ لَهُ الْحَمْدُ فِي الْأُولَى وَالْآخِرَةِ എന്നതിൽ പറയുന്നത്. ഈ ആയത്തിൽ അല്ലാഹു രണ്ട് അഹ്മദു കളെക്കുറിച്ച് പറഞ്ഞുകൊണ്ട് അവർ രണ്ടുപേരെയും തന്റെ അതിരറ്റ അനുഗ്രഹത്തിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്. ഇതിലെ ആദ്യത്തെ അഹ്മദ് നമ്മുടെ പ്രവാചകൻ അഹ്മദെ മുസ്തഫാ റസൂലെ മുജ്തബാ ﷺ ആണ്. രണ്ടാമത്തെ അഹ്മദ്, അഹ്മദെ ആഖിറുസ്സമാനാണ്. അദ്ദേഹത്തിന്റെ പേര് കാരുണ്യവാനായ ദൈവം മസീഹ് മഹ്ദീ എന്നും വെച്ചിരിക്കുന്നു. ഈ ആശയം اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ എന്ന അല്ലാഹുവിന്റെ വചനത്തിൽ നിന്നാണ് ഞാൻ എടുത്തിരിക്കുന്നത്. ചിന്തിക്കുന്ന ഓരോരുത്തരും ഇതിൽ ചിന്തിക്കേണ്ടതാണ്. (ഇത് ആ മഹാത്മാവിന്റെ അറബിഗ്രന്ഥമായ ഇഅ്ജാസുൽ മസീഹ് എന്നതിൽ നിന്നെടുത്തതാണ്. രണ്ട് ഉദ്ധരണിയും അതിൽ നിന്നുള്ളതാണ്.)

അല്ലാഹുവിന്റെ സമ്പൂർണ്ണ ദാസനെ പരിപൂർണ്ണമായും അനുധാവനം ചെയ്തതുകൊണ്ടും അദ്ദേഹത്തോടുള്ള നിസ്തുലമായ സ്നേഹവും പ്രേമവും കാരണമായും തന്റെ ആഗ്രഹാഭിലാഷങ്ങളുടെ മൂടുപടം ഊരി എറിഞ്ഞതുകൊണ്ട് അല്ലാഹുവിന്റെ അസ്തിത്വത്തിൽ മുഴുകിയതുകാരണമായും അല്ലാഹു തആല അവസാനകാലത്ത് വാഗ്ദത്ത മസീഹിനെ അയക്കുകയുണ്ടായി. അദ്ദേഹം വീണ്ടും നമുക്ക് അല്ലാഹുതആലയോടുള്ള സ്നേഹത്തിന്റെയും പ്രേമത്തിന്റെയും ദാസത്വത്തിന്റെയും മാർഗം കാണിച്ചുതന്നു. തിരുനബി ﷺ മുഖേന അല്ലാഹുതആല മുശ്രിക്കുകളും ദൈവനിഷേധികളുമായവരെ ദൈവീക മനുഷ്യരാക്കിമാറ്റി. അവർ ലോകർക്ക് ഈ സന്ദേശം നൽകിക്കൊണ്ട് ഏകനായ അല്ലാഹുവിന്റെ ആരാധകരാക്കി മാറ്റുകയും ചെയ്തു.

എന്നാൽ വീണ്ടും ദൈവത്തെ മറക്കുകയും ഭൗതികതയിൽ തിമിർത്താടുകയും ചെയ്തതിന്റെ ഫലമായും തങ്ങളുടെ ജീവിതലക്ഷ്യം മറന്നുപോയതിന്റെ കാരണത്താലും അല്ലാഹുവിന്റെ അനുഗ്രഹത്തിൽ നിന്നും മുസ്ലീംകൾ അകറ്റപ്പെടുകയുണ്ടായി. ഈ ഇരുണ്ട യുഗത്തിലും ആത്മീയ സംവിധാനത്തെ നിലനിർത്തുന്നതിനായി പ്രാദേശികാടിസ്ഥാനത്തിൽ അല്ലാഹു തആല തന്റെ വരിഷ്ഠ ദാസരെ ഇടക്കിടക്ക് എഴുന്നേൽപ്പിച്ചുകൊണ്ടിരുന്നിട്ടുണ്ട്. എന്നാൽ മുസ്ലിംകൾക്ക് ഉണ്ടായിരുന്ന ആ മഹത്വവും പ്രൗഢിയും പ്രതാപവും എല്ലാം നഷ്ടപ്പെട്ടു, ആദ്യകാല മുസ്ലിംകളിൽ കണ്ടിരുന്ന ദൈവബന്ധം അപ്രത്യക്ഷമായി. അതുകൊണ്ട് രണ്ടാം അഹ്മദ് മുഖേന റബ്ബുൽ ആലമീൻ ഏതൊരു വിപ്ലവമാണോ സംജാതമാക്കണമെന്ന് പ്രഖ്യാപിച്ചിരിക്കുന്നത് അത് ആ മഹാത്മാവിനെ അംഗീകരിച്ചവർ തുടർന്നുകൊണ്ട് പ്രകടമാക്കേണ്ടതാണ്. ഈ വിപ്ലവത്തെ മുന്നോട്ട് നയിക്കുന്നവരാണ് അദ്ദേഹത്തെ അംഗീകരിക്കുന്നവർ.

നാം റഹ്മാന്റെ ദാസരായി മാറണം. അല്ലാഹുവിനോട് സഹായം അർപ്പിച്ചുകൊണ്ട് മറ്റുള്ളവരെ റഹ്മാന്റെ ദാസരായി മാറ്റണം. അപ്പോൾ മാത്രമാണ് മറ്റു മുസ്ലിംകളിൽ നിന്നും നമുക്ക് വ്യത്യാസമുണ്ടെന്ന് പറയാൻ സാധിക്കുകയുള്ളൂ. ഞാൻ പറഞ്ഞതുപോലെ വിശ്വാസത്തിന്റെ വാദം ഉന്നയിക്കുക എന്നത് വലിയ കാര്യമല്ല. അത് കാരണം നമ്മൾ മറ്റുള്ളവരിൽ നിന്നും വ്യതിരിക്തമാക്കപ്പെടുകയില്ല. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام വന്നു. ഇസ്ലാമിന്റെ പുനർജനനത്തിനുള്ള മഹത്തായ പ്രവർത്തനം ചെയ്തുപോകുകയും ചെയ്തു. അദ്ദേഹത്തിന്റെ സഹാബാക്കളിൽ നിന്ന് ഇബാദുർറഹ്മാൻ ഉണ്ടായി. അവർ സത്സ്വപ്നങ്ങളും കശ്ഫുകളും കാണുന്നവരായിരുന്നു. അല്ലാഹുവിന്റെ യഥാർഥ ദാസരായിത്തീർന്ന ആളുകൾ അവരിൽ നിന്നുണ്ടായി. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام മുഖേന തന്നെ ആഖരീന്റെ പ്രവചനം പൂർത്തിയായി. മുമ്പുള്ള സഹാബാക്കളുമായി ഒത്തുചേരുന്ന പദവി അദ്ദേഹത്തിന്റെ സഹാബാക്കൾ കരസ്ഥമാക്കുകയും ചെയ്തു. എന്നാൽ ഈ സംവിധാനവും ജമാഅത്തിന്റെ വിജയത്തെക്കുറിച്ചുള്ള പ്രവചനവും എല്ലാം ഖിയാമത്ത് വരെ നിലനിൽക്കുന്നതാണ്. നാം ഇതിനെക്കുറിച്ച് വളരെ അഭിമാനത്തോടെ എടുത്ത് പറയാറുള്ളതാണ്. അത്കൊണ്ട് ഈ വീരവാദങ്ങൾ മാത്രം മതിയായതല്ല. ഈ വിപ്ലവത്തിന്റെ ഭാഗമായിത്തീരാൻ നമ്മുടെ ഉത്തരവാദിത്വങ്ങൾ നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. നമ്മുടെ പൂർവ്വികരുടെ അവസ്ഥയിൽ സന്തുഷ്ടരായാൽ പോരാ. ഹദ്റത്ത് മസീഹ് മൗഊദ് عليه السلامന്റെ സഹാബാക്കളുടെ ജീവിതത്തിൽ തുടർച്ചയായി കാണുന്ന വിപ്ലവത്തിന്റെ തുടർച്ച നിലനിർത്തേണ്ട ആവശ്യം നമുക്കുണ്ട്. ഇന്ന് ലോകത്തെ ആപത്തുകളിൽ നിന്നും രക്ഷപ്പെടുത്തുകയും അല്ലാഹുവുമായി അവരെ അടുപ്പിക്കുകയും ചെയ്യുന്ന ജോലി ഓരോ അഹ്മദിയിലും നിക്ഷിപ്തമാണ്. ഇതിനുവേണ്ടി നാം വ്യക്തിപരമായും കൂട്ടായും പരിശ്രമിക്കുന്നില്ലെങ്കിൽ, ഓരോരുത്തരും താന്താങ്ങളുടെ ഉത്തരവാദിത്വം മനസ്സിലാക്കിക്കൊണ്ട് തങ്ങളുടെ കടമകൾ നിറവേറ്റുന്നില്ലെങ്കിൽ നാം അഹ്മദെ സാനിയിൽ യഥാർഥ അർഥത്തിൽ വിശ്വസിക്കുന്നവരാണെന്ന് പറയപ്പെടാൻ സാധ്യമല്ല. നമ്മുടെ ആരാധനകളുടെ ഉന്നത നിലവാരം സ്ഥാപിക്കാത്തിടത്തോളം നമുക്ക് ഈ കടമകൾ നിറവേറ്റാനും സാധ്യമല്ല. فَلْيَسْتَجِيبُوا لِي എന്നതിന്റെ പ്രവർത്തന രൂപമായിത്തീരുന്ന അല്ലാഹുവിന്റെ ആ യഥാർഥ ദാസരായി നാം മാറേണ്ടതാണ്. അവർ وَلْيُؤْمِنُوا بِي എന്നതിന്റെ പ്രത്യക്ഷ രൂപങ്ങളായിരിക്കും. നമുക്ക് നമ്മെ ശരിയാക്കുന്നതിന് ഒരു റമദാൻ മാസം കൂടി നമ്മുടെ ജീവിതത്തിൽ നൽകിയിരിക്കുന്നു എന്നത് അല്ലാഹു തആലായുടെ അനുഗ്രഹമാണ്. ഇതിൽ അല്ലാഹുവിന്റെ സാമിപ്യം കരസ്ഥമാക്കാനും അല്ലാഹുവിന്റെ കൽപ്പനകൾക്ക് ഉത്തരമരുളാനും വിശ്വാസത്തിൽ അഭിവൃദ്ധി പ്രാപിക്കുവാനും ഉള്ള വഴികൾ കൂടുതലായി തുറക്കപ്പെടുന്നു. അതുകൊണ്ട് അല്ലാഹു പറഞ്ഞ ***യാ ഇബാദീ*** എന്റെ ദാസർ എന്ന സ്ഥാനപ്പേര് ലഭിക്കുവാൻ സൗഭാഗ്യം ലഭിച്ച നമ്മിലുള്ളവർ ഭാഗ്യവാന്മാരാണ്. നാം ഒരാവേശത്തോടും സ്ഥിരതയോടും അല്ലാഹുവിന്റെ സാമിപ്യം കരസ്ഥമാക്കാൻ വേണ്ടി പരിശ്രമിക്കുന്നവരായിരിക്കണം. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ഈ മാസത്തിന്റെ പ്രാധാന്യം വിവരിച്ചുകൊണ്ട് പറയുന്നു. ഈ മാസം ഹൃദയത്തെ ആത്മീയ

പ്രകാശത്താൽ നിറക്കാൻ പറ്റിയ ഉത്തമ മാസമാണ്. നമസ്ക്കാരം ആത്മസംസ്ക്കരണം വരുത്തുന്നു. നോമ്പ് ഹൃദയം പ്രകാശത്താൽ നിറക്കുവാൻ കാരണമായിത്തീരുന്നു.

ഹൃദയത്തെ പ്രകാശപൂർണ്ണമാക്കിമാറ്റാൻ ഈ മാസം ഉത്തമമാണ്. ഈ മാസം എന്തുകൊണ്ടാണ് ശ്രേഷ്ഠമായിത്തീരുന്നത്. 29 ഓ മുപ്പതോ ഉള്ള മറ്റു മാസങ്ങളെ അപേക്ഷിച്ച് ഇതിന് ബാഹ്യമായി പ്രത്യേകതയൊന്നുമില്ല. ഈ മാസം ശ്രേഷ്ഠമാകാൻ കാരണം രണ്ട് ആരാധനകളും ഒരുമിച്ച് ഇതിൽ നിർവഹിക്കാൻ നമുക്ക് സാധിക്കുന്നു എന്നതാണ്. അതിനുള്ള അവസരം ഇതിൽ തന്റെ ദാസർക്ക് അല്ലാഹു നൽകുന്നു. പറയുന്നു: ആത്മസംസ്ക്കരണം കൊണ്ട് ഉദ്ദേശിക്കുന്നത് ദോഷപ്രവണമായ ആത്മാവിന്റെ പ്രേരണയിൽ നിന്നും അകൽച്ച കൈവരിക്കുക എന്നതാണ്. ഹൃദയം ആത്മപ്രകാശത്താൽ നിറയുക എന്നതുകൊണ്ട് അർഥമാക്കുന്നത് കശ്ഫിന്റെ കവാടം അവർക്ക് തുറക്കപ്പെടുകയും അങ്ങനെ അല്ലാഹുവിനെ കാണുകയും ചെയ്യുക എന്നതാണ്. ഈ ഒരു ലക്ഷ്യമാണ് നാം കരസ്ഥമാക്കേണ്ടത്.

റമദാനിൽ രണ്ട് ആരാധനകൾ ഒരുമിച്ചുകൂട്ടപ്പെടുന്നു. നമസ്ക്കാരവും നോമ്പും. റമദാനിൽ തങ്ങളുടെ നമസ്ക്കാരങ്ങളെയും വളരെ ശ്രദ്ധാപൂർവ്വം അനുഷ്ഠിക്കേണ്ടതാണ്. അതുമുഖേന നമ്മുടെ ദേഹേച്ഛകളിൽ നിന്നും നമ്മെ അകറ്റിക്കൊണ്ട് യഥാർഥ അർഥത്തിൽ ആത്മസംസ്ക്കരണം കൈവരിക്കുന്നവരായിത്തീരുകയും അങ്ങനെ ഞാൻ സമീപസ്ഥനാണെന്ന ദൈവസന്ദേശം കേൾക്കുന്നവരുമായിത്തീരേണ്ടതാണ്. നമ്മുടെ നമസ്ക്കാരങ്ങളും നമ്മുടെ നോമ്പും റമദാനിൽ മാത്രം ഒതുങ്ങിക്കൂടുന്ന ആവേശത്താൽ അനുഷ്ഠിച്ചാൽ പോരാ, മറിച്ച് നമ്മിൽ ഉണ്ടാകുന്ന പരിവർത്തനം സ്ഥായിയായി മാറണം. അല്ലാഹുവിന്റെ നിർദ്ദേശങ്ങൾക്ക് എപ്പോഴും ഉത്തരമരുളുന്നവരായി നാം മാറണം. നമ്മുടെ വിശ്വാസത്തെ കൂടുതൽ ശോഭനമാക്കണം. ഇതെല്ലാം തന്നെ നാം ചെയ്യേണ്ടത് നമ്മുടെ നിലനിൽപ്പ് അല്ലാഹുവിന്റെ യഥാർഥ ദാസരായിത്തീരുന്നതിലാണുള്ളത് എന്ന് ചിന്തിച്ചുകൊണ്ടായിരിക്കണം. അതോടൊപ്പം ലോകത്തിന്റെ നിലനിൽപ്പും നാമുമായാണ് ബന്ധപ്പെട്ടു നിൽക്കുന്നത്. നാം സ്വയം അന്ധകാരത്തിലാണെങ്കിൽ ലോകത്തിന് ഏതുമാർഗമാണ് നമുക്ക് കാണിച്ചു കൊടുക്കാൻ സാധിക്കുക.

عِبَادِي എന്ന ആശയത്തെ നാം പോലും ശരിക്കും മനസ്സിലാക്കാത്തവരായിത്തീരുകയാണെങ്കിൽ മറ്റുള്ളവരെ അല്ലാഹുവിന്റെ ദാസരാകാൻ എങ്ങനെ വഴികാട്ടാൻ സാധിക്കും.

ഇക്കാലത്ത് അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ് عليه السلام നെ അയച്ചിരിക്കുന്നത് തിരുനബി ﷺ കൊണ്ടുവന്ന ദൗത്യത്തെ മുന്നോട്ട് നയിക്കുന്നതിന് വേണ്ടിയാണ്. അല്ലാഹുവിനെ പ്രാപിക്കാൻ ആഗ്രഹിച്ച ദൈവദാസർ തിരുനബി ﷺ യോട് ചോദിച്ച ചോദ്യം അദ്ദേഹത്തിന്റെ പ്രിയ പ്രേമിയോട് ചോദിക്കുകയുണ്ടായി. അവർക്ക് അദ്ദേഹം ഇസ്‌ലാഹിനുള്ള മാർഗം പറഞ്ഞുകൊടുക്കുകയുണ്ടായി. അല്ലാഹുവിന്റെ സാമിപ്യം കരസ്ഥമാക്കാനുള്ള മാർഗം പറഞ്ഞുകൊടുക്കുകയുണ്ടായി. അങ്ങനെ ഒരു ജമാഅത്ത് തനിക്ക് ചുറ്റും ഒരുമിച്ച് കൂട്ടുകയുണ്ടായി.

ഈ ചോദ്യം തന്നെയാണ് ഇന്ന് ലോകം വിശ്വാസികളുടെ സംഘത്തോട് ചോദിക്കുന്നത്. അതുകൊണ്ട് വിശ്വാസികളുടെ ജമാഅത്തിന്റെ ഓരോ വ്യക്തിയും തന്നെ ദൈവവിളിക്ക് ഉത്തരം നൽകുകയും വിശ്വസിക്കുകയും ചെയ്യുന്നവരുടെ സ്ഥാനം കരസ്ഥമാക്കുന്നവരായി മാറിയാൽ മാത്രമേ വിശ്വാസി സംഘത്തിന് ഇതിന് മറുപടി പറയാൻ സാധിക്കുകയുള്ളൂ. അപ്പോൾ നമ്മുടെ വിളിക്ക് അല്ലാഹു ഉത്തരമരുകയും فَإِنِّي قَرِيبٌ എന്നതിന്റെ ശരിയായ ഉള്ളറിവ് നമുക്ക് ലഭിക്കുകയും ചെയ്യുന്നതാണ്.

ഇന്ന് ലോകത്ത് നാലുപാടും കുഴപ്പം തന്നെയാണ്. പശ്ചാത്യമായാലും പൗരസ്ത്യമായാലും, മുസ്‌ലിം രാഷ്ട്രങ്ങളായാലും വികസിത ക്രൈസ്തവനാടുകളായാലും, ലോകത്ത് ഒരസ്വസ്ഥത പടർന്നിരിക്കുകയാണ്. കഴിഞ്ഞ ദിവസങ്ങളിൽ ഈ നാട്ടിൽ ശക്തമായ കലാപം അരങ്ങേറുകയുണ്ടായി. ഇത് ഇവരുടെ കണ്ണും തുറപ്പിച്ചിരിക്കുന്നു. ദരിദ്ര നാടുകളിലെ സമാധാനാന്തരീക്ഷത്തിനു മാത്രമല്ല ഭീഷണിയുള്ളത് എന്നും നമ്മുടെ സമാധാനവും ചോദ്യചിഹ്നമായി നിൽക്കുന്നു എന്നവർക്ക് ബോധ്യമായി. അതുകൊണ്ട് ഇതിനുള്ള ഒരേഒരു പോംവഴി ലോകരെ ദൈവദാസരാക്കി മാറ്റുക എന്നത് മാത്രമാണ്. എന്നാൽ ഇതെങ്ങനെ സാധിക്കും. നമ്മുടെ കൈവശം ഭൗതിക ശക്തിയൊന്നുമില്ല. ഭൗതികശക്തികൊണ്ട് അല്ലാഹുവിനെ തിരിച്ചറിയിപ്പിക്കാനും സാധ്യമല്ല. ലോകത്തിന്റെ അവസ്ഥ ശരിയാക്കുന്നതിന് ഒരേ ഒരു മാർഗമാണ് ഉള്ളത്. അത് ഈ കാലഘട്ടത്തിന്റെ ഇമാം നമുക്ക് പഠിപ്പിച്ചു തന്നിരിക്കുന്നു. ഈ സമാധാന സന്ദേശം നിങ്ങൾ എത്തിക്കുന്നതോടൊപ്പം അല്ലാഹുവിന്റെ സഹായം ദുആ മുഖേന കരസ്ഥമാക്കുക. ദുആയിൽ കൂടുതൽ ശ്രദ്ധിക്കുക. ബാഹ്യമായ പരിശ്രമത്തോടൊപ്പം പ്രാർഥന മുഖേന കൂടുതലായി പരിശ്രമിക്കുക. എന്നാൽ മുമ്പും ഞാൻ വിവരിച്ചതുപോലെ അല്ലാഹുവിന്റെ സഹായവും ദുആയുടെ സ്വീകാര്യതയും ലഭിക്കുന്നത് അല്ലാഹുവിന്റെ കൽപനകളനുസരിച്ച് ജീവിക്കുന്നവർക്കും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നവർക്കാണ്. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام നമുക്ക് പഠിപ്പിച്ചുതന്നെ ദുആ സ്വീകാര്യതയുടെ ചില രീതികൾ ചുരുങ്ങിയ രീതിയിൽ ഞാൻ കേൾപ്പിക്കാം. അല്ലാഹുവിന്റെ ഏതെല്ലാം കാര്യങ്ങൾക്ക് ഉത്തരം നൽകിയാലാണ് അവൻ പ്രാർഥന കേൾക്കുക എന്നും പറയുന്നതാണ്. ഹിദായത്തിലേക്ക് വഴികാട്ടിക്കൊണ്ട് അല്ലാഹുവും ദാസനും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തുന്ന വിശ്വാസം ഏതാണെന്ന് പറയാം. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام പറഞ്ഞിരിക്കുന്ന ഒരു ശർത്ത് തഖ്‌വയിൽ ചരിക്കുന്നവനായിരിക്കണം എന്നാണ്. അല്ലാഹുവിന്റെ ഭയം എപ്പോഴും അവനുണ്ടായിരിക്കണം. അല്ലാഹു എന്നെ എപ്പോഴും കാണുന്നുണ്ടെന്ന് ചിന്ത ഉണ്ടായിരിക്കണം. എന്റെ ഓരോ അനക്കമടക്കവും അവന്റെ മുമ്പിലുണ്ട്. എന്റെ ഒരു പ്രവർത്തിയും തന്നെ അല്ലാഹുവിനെ പ്രകോപിപ്പിക്കുന്നതാകരുത്. ശാരീരികാവയവങ്ങൾ എല്ലാം അല്ലാഹുവിന്റെ കൽപനകളനുസരിച്ച് പ്രവർത്തിക്കുന്നതായിരിക്കണം. അതോടൊപ്പം എല്ലാ സ്വഭാവങ്ങളും സൃഷ്ടികളോടുള്ള ബന്ധവും എല്ലാം അല്ലാഹുവിന്റെ കൽപനക്കനുസരിച്ചായിരിക്കണം. ഇതാണ് യഥാർഥ തഖ്‌വ. മനുഷ്യന്റെ കണ്ണ്, മൂക്ക്, നാക്ക്, കൈകാലുകൾ എല്ലാം അല്ലാഹുവിന് ഇഷ്ടമുള്ള പ്രവർത്തികൾ ചെയ്യുന്നതായിരിക്കണം. അല്ലാഹുവിന്റെ അസ്തിത്വത്തിൽ അടിയുറച്ച വിശ്വാസമുണ്ടാകുമ്പോഴാണ് ഇതെല്ലാം സാധ്യമാകുന്നത്. അല്ലാഹുവിന്റെ അസ്തിത്വത്തിൽ പൂർണ്ണവിശ്വാസം ഉണ്ടാക്കിത്തീർക്കുക എന്ന് ആ മഹാത്മാവ് പറയുന്നു. അതുകൊണ്ടാണ് ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ദുആയുടെ സ്വീകാര്യതക്കായി അല്ലാഹുവിൽ പരിപൂർണ്ണ വിശ്വാസം ഉണ്ടായിരിക്കണമെന്ന സുപ്രധാനകാര്യം പറഞ്ഞത്. അല്ലാഹു ഉണ്ടെങ്കിൽ, ആകാശഭൂമികളെയും ഈ പ്രപഞ്ചത്തെയും പ്രപഞ്ചത്തിലെ നമുക്കറിവുള്ളതും ഇല്ലാത്തതുമായ സകല വസ്തുക്കളുടെയും സൃഷ്ടാവ് അല്ലാഹു ആണെന്നും അവൻ എല്ലാ കഴിവുക

ളുടെയും ഉടമസ്ഥനുമാണെന്നും എല്ലാ ശക്തി പ്രഭാവത്തിന്റെയും വിളനിലയവും അവനാണെന്നും അവൻ സൃഷ്ടിച്ചതിനെ ഇല്ലായ്മ ചെയ്യാനുള്ള ശക്തിയും അവനുണ്ടെന്നും അവൻ ഉദ്ദേശിക്കുന്നതിനെ ഉണ്ടാക്കാൻ കഴിവുള്ളവനാണെന്നും ജീവൻ നൽകുന്നവനും മരിപ്പിക്കുന്നവനും അവനാണെന്നും മൃതരെ ജീവിപ്പിക്കുന്നവനും ജീവനുള്ളതിനെ മരിപ്പിക്കുന്നവനും അവനാണെന്നും ദുആ മുഖേന മൃതരായവരിൽ പുതിയ ആത്മാവ് ഇടപ്പെടുന്ന രീതിയിൽ വിപ്ലവം ഉണ്ടാക്കാൻ കഴിവുള്ളവനാണെന്നും അവനെക്കുറിച്ച് വിശ്വസിക്കണം. അങ്ങനെയുള്ള ദൈവം നമ്മുടെ ദുആ സ്വീകരിക്കുന്നവനാണെന്ന വിശ്വാസം ഉണ്ടാകും. ഉത്തമമാണെന്ന് അവൻ കാണുന്ന പ്രാർത്ഥനകൾ അവൻ സ്വീകരിക്കുന്നു.

ദുആ സ്വീകാര്യതയുടെ മറ്റൊരു നിബന്ധന ദുആയിൽ ഉള്ളുരുക്കം ഉണ്ടായിരിക്കണം. പ്രാർഥിക്കുമ്പോൾ വെറും ചില വാക്കുകൾ ഉരുവിട്ട്കൊണ്ട് നമസ്ക്കാരത്തിൽ നിന്നും പ്രാർഥനയിൽ വിരമിച്ചാൽ മതിയാകുന്നതല്ല. മറിച്ച് അതിലെല്ലാം ഉള്ളുരുക്കവും ഹൃദയസാന്നിധ്യവും ഉണ്ടായിരിക്കേണ്ടതാണ്. ഹൃദയം ഉരുകുകയും കണ്ണ് കണ്ണുനീർ ഒഴുക്കുകയും ചെയ്യണം. എന്റെ ദുആ സ്വീകരിക്കുന്നവനും എന്റെ അവസാന അത്താണിയും അല്ലാഹു മാത്രമാണെന്ന ചിന്തയോടെ ഒഴുക്കുന്ന കണ്ണീരായിരിക്കണം. അസ്വസ്ഥജനകമായ ഒരവസ്ഥ കൈവരണം. ഇതെന്റെ അവസാന പിടിവള്ളിയാണെന്നും ഇതും നഷ്ടപ്പെട്ടാൽ എന്റെ ഇരുലോകവും നഷ്ടപ്പെട്ടതുതന്നെ എന്ന മനഃപ്രയാസം ഉണ്ടായിത്തീരണം. ദുആ ചെയ്യുമ്പോൾ ഈ ഒരവസ്ഥയാണ് സംജാതമാകേണ്ടത്.

ദുആ സ്വീകാര്യതയുടെ മറ്റൊരു നിബന്ധന വിനയത്വമാണ്. ഈ വിനയത്വമാണ് അല്ലാഹുവിന്റെ സമീപത്തേക്ക് നമ്മെ എത്തിക്കുന്നത്. അതുകൊണ്ടാണ് ഒരു സ്ഥലത്ത് ഹദ്റത്ത് മസീഹ് മൗഊദ് عليه السلام പറയുന്നത്.

*ബദ്തർ ബനോ ഹർ ഏക് സേ അപ്നേ ഖയാല് മേ*

*ശാഹിദ് ഇസീ സെ ദഖൽ ഹോ ദാറുൽ വിസാല് മേ*

നിങ്ങളുടെ ചിന്തയിൽ മറ്റെല്ലാവരെക്കാളും മോശമായി നിങ്ങൾ നിങ്ങളെ സ്വയം കരുതുക. ഒരു പക്ഷെ ദൈവദർബാറിൽ ഈ ഒരു കാരണം മൂലം പ്രവേശനം സിദ്ധിച്ചേക്കാം.

വിനയത്തിൽ പൂർണ്ണത പ്രാപിക്കുകയും, താൻ എളിയവനാണെന്ന് മനസ്സിലാക്കി നാനാവിധ അഹങ്കാരത്തിൽ നിന്നും തന്നെ പവിത്രമാക്കുകയും ചെയ്താൽ മാത്രമേ അല്ലാഹുവുമായി ബന്ധം സ്ഥാപിക്കാൻ കഴിയുകയുള്ളൂ. അഹങ്കാരിക്ക് ദൈവസാമിപ്യം കരഗതമാകാനുള്ള ഒരു സാധ്യതയുമില്ല. അല്ലാഹുവിന്റെ സാമിപ്യം ലഭിക്കുന്നില്ലെങ്കിൽ ദുആ സ്വീകരിക്കപ്പെടുകയുമില്ല. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ഒരു സ്ഥലത്ത് പറയുന്നു.

വിനയത്തോടും ഉള്ളുരുക്കത്തോടും തകർന്ന ഹൃദയത്തോടും കൂടി ചെയ്യപ്പെടുന്ന ദുആ അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ ആകർഷിക്കുന്നു. അത് സ്വീകരിക്കപ്പെട്ടുകൊണ്ട് യഥാർഥ ലക്ഷ്യസ്ഥാനത്തേക്ക് അതെത്തിക്കുന്നു. എന്നാൽ ഇതും അല്ലാഹുവിന്റെ കൃപാദിരേകത്താൽ മാത്രമേ കരഗതമാകുകയുള്ളൂ എന്നതാണ് ഏറെ പ്രയാസകരമായിട്ടുള്ളത്.

യഥാർഥ പ്രാർഥന ലഭിക്കേണമെങ്കിലും ദുആയുടെ ആവശ്യമാണുള്ളത്. ദുആ ചെയ്യാനുള്ള തൗഫീഖ് ലഭിക്കാനായി സ്ഥിരമായി പ്രാർഥിച്ചുകൊണ്ടിരിക്കുക. സ്വീകാര്യയോഗ്യമായ പ്രാർഥന ചെയ്യാൻ തൗഫീഖ് ലഭിക്കാനും ദുആ ചെയ്യണം. ഈ ഒരു ചിന്ത ഉണ്ടാകുമ്പോൾ ഒരിക്കലും തന്നെ ദുആയിൽ അശ്രദ്ധ ഉണ്ടാകുന്ന പ്രശ്നമേ ഉദിക്കുന്നില്ല. സദ്പ്രവർത്തി ചെയ്യാനും ദൈവസാമിപ്യം കരസ്ഥമാക്കാനും അല്ലാഹു നമ്മോട് കൽപ്പിച്ചിരിക്കുന്നു.

ഒരു സ്ഥലത്ത് ഹദ്റത്ത് മസീഹ് മൗഊദ് عليه السلام പറയുന്നു. തന്റെ സൃഷ്ടികൾക്കായി മഹത്വമുടയവനായ അല്ലാഹു തുറന്നിട്ടിരിക്കുന്ന കവാടം ഒന്ന് മാത്രമാണ്. അത് ദുആയാണ്. ഒരാൾ നമ്രസിരസ്ക്കനായി ഈ കവാടത്തിലൂടെ പ്രവേശിക്കുമ്പോൾ മൗലാ കരീം പരിശുദ്ധതയുടെയും പവിത്രതയുടെയും പുതപ്പ് അവനെ പുതപ്പിക്കുന്നു. തന്റെ മഹത്വത്തിന്റെ സ്വാധീനം അവനിൽ ഇട്ടുകൊടുക്കുന്നു. അങ്ങനെ നിരർഥകമായ പ്രവർത്തനങ്ങളിൽ നിന്നും അവൻ ബഹുദൂരം ഓടി അകലുന്നു.

അതുകൊണ്ട് നമ്രശിരസ്ക്കരായി തങ്ങളുടെ ഹൃദയത്തെ ശുദ്ധീകരിച്ച്കൊണ്ട് ഭൗതിക കളിതമാശകളിൽ നിന്ന് തന്നെ രക്ഷിച്ച് അല്ലാഹു തന്റെ കാരുണ്യത്തിന്റെ പുതപ്പ് പുതപ്പിക്കുന്ന വരിഷ്ഠദാസരിൽ ഉൾപ്പെടുന്നവർ ഭാഗ്യവാന്മാർ. അവരെ ദുഷ്പ്രവർത്തിയിൽ നിന്നും അകറ്റുന്നു. ഈ സ്ഥാനം കരസ്ഥമാക്കാൻ ആദ്യം പരിശ്രമിക്കേണ്ടത് മനുഷ്യനാണ്. അല്ലാഹുവിന്റെ മുമ്പിൽ അവന് ആദ്യം കുമ്പിടേണ്ടിവരുന്നു. ഇതാണ് അല്ലാഹുവിന്റെ നിയമം. ശരീഅത്ത് നിയമം ഇതാണ്. അല്ലാഹു ഇതാണ് പറഞ്ഞത്.

ദുആ സ്വീകാര്യതയുമായി ബന്ധപ്പെട്ട കൽപനകളിൽ ഒന്ന് അല്ലാഹുവിന്റെ കടമകളും സൃഷ്ടികളുടെ കടമകളും നിറവേറ്റുക എന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ഇതു സംബന്ധമായി പറയുന്നു. സൃഷ്ടികളുടെ കടമകൾ നിറവേറ്റാനും സൃഷ്ടാവിന്റെ കടമകൾ നിറവേറ്റാനുമുള്ള ബാധ്യത നിങ്ങളിൽ ഇല്ലാത്തവിധത്തിൽ നിങ്ങൾ ആയിത്തീരേണ്ടതാണ്. സൃഷ്ടികളുടെ അവകാശങ്ങൾ ധ്വംസിക്കുന്നവന്റെ ദുആ സ്വീകരിക്കപ്പെടുന്നതല്ല. കാരണം അവൻ അക്രമിയാണ്. വീണ്ടും പറയുന്നു. ആരിലെങ്കിലും പ്രയാസത്തിന്റെ നാളുകൾ വന്നുപെട്ടാൽ ഭയപ്പെടുന്നതുപോലെ സമാധാനാവസ്ഥയിൽ ഭയപ്പെടുന്നവനിലാണ് അല്ലാഹുവിന്റെ കാരുണ്യം വർഷിക്കുക. ശാന്തി സമാധാനമുള്ള അവസ്ഥയിൽ അല്ലാഹുവിനെ മറക്കാത്തവരെ പ്രയാസനാളിൽ അല്ലാഹുവും മറക്കുന്നതല്ല. എന്നാൽ ശാന്തി സമാധാന കാലത്ത് സുഖാഢംഭരങ്ങളിൽ മുഴുകി പ്രയാസത്തിന്റെ നാളുകളിൽ ദുആ ചെയ്യാൻ തുടങ്ങിയാൽ അങ്ങനെയുള്ളവരുടെ ദുആ സ്വീകരിക്കപ്പെടുന്നതല്ല.

ഇവിടെ പറയുന്നത് സമാധാനാവസ്ഥയിലും നിങ്ങൾ അല്ലാഹുവിലേക്ക് ശ്രദ്ധിക്കണമെന്നാണ്. അവനോട് ദുആ ചെയ്യേണ്ടതാണ്. ദുആ സ്വീകാര്യതയുടെ രഹസ്യം ഇതിൽ അടങ്ങിയിട്ടുണ്ട്. എന്റെ കാര്യങ്ങൾ പ്രാർഥിക്കുന്നവർ കേൾക്കണം എന്ന് അല്ലാഹു പറഞ്ഞപ്പോൾ ഇതെല്ലാം അതിൽ ഉൾപ്പെടുന്നതാണ്. എല്ലാ അവസ്ഥയിലും അവനോട് ദുആ ചെയ്തുകൊണ്ടിരിക്കുക. വെറും റമദാൻ മാസത്തിൽ മാത്രം പോര. ഏതെങ്കിലും പ്രയാസം വരുമ്പോഴോ ബുദ്ധിമുട്ടിൽ കുടുങ്ങുമ്പോഴോ മാത്രം ദുആ ചെയ്താൽ പോരാ. സമാധാനത്തിൽ കഴിഞ്ഞ് കൂടുന്ന സാധാരണ ദിവസങ്ങളിലും അല്ലാഹുവിനോട് ദുആ ചെയ്യേണ്ടതാണ്.

ആ മഹാത്മാവ് പറയുന്നു. ദുആ സ്വീകാര്യതക്ക് മറ്റൊരു നിബന്ധനയുള്ളത് മനുഷ്യൻ തന്നിൽ ഒരു പരിശുദ്ധ മാറ്റം വരുത്തുക എന്നതുമാണ്. തിന്മയിൽ നിന്ന് രക്ഷപ്പെടാൻ കഴിയുന്നില്ലെങ്കിൽ, അല്ലാഹു

വിന്റെ അതിർവരമ്പുകളെ ലംഘിക്കുകയാണെങ്കിൽ ദുആയിൽ ഒരു സ്വാധീനവും ഉണ്ടായിരിക്കുന്നതല്ല. അല്ലാഹു فَلْيَسْتَجِيْبُوْا لِيْ എന്ന് പറഞ്ഞപ്പോൾ (എന്റെ കാര്യത്തിന് അവർ ഉത്തരമരുളട്ടെ.) അല്ലാഹു ചെയ്യാനായി പറഞ്ഞ കാര്യങ്ങൾ ഏതെല്ലാമാണെന്ന് നാം അന്വേഷിക്കേണ്ടിയിരിക്കുന്നു. അതെല്ലാം പ്രാവർത്തികമാക്കിക്കൊണ്ട് അല്ലാഹുവിന്റെ സാമിപ്യം കരസ്ഥമാക്കാൻ സാധിക്കുന്നതാണ്. അതോടൊപ്പം ഏതെല്ലാം കാര്യങ്ങളിൽ നിന്ന് വിട്ടുനിൽക്കാനാണോ അല്ലാഹു കൽപ്പിച്ചിരിക്കുന്നത് അതിൽനിന്നെല്ലാം വിട്ടുനിൽക്കാൻ പരിശ്രമിക്കുകയും വേണം. വിശുദ്ധ ഖുർആനിൽ ഈ കൽപനകൾ നൂറു കണക്കിന് കാണാവുന്നതാണ്.

ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ഒരു സ്ഥലത്ത് പറയുന്നു. അല്ലാഹുവിന്റെ മഹത്വം നിങ്ങളുടെ ഹൃദയത്തിൽ സ്ഥാപിക്കുക. അവന്റെ പ്രതാപത്തെ നിങ്ങളുടെ കൺമുമ്പിൽ കൊണ്ടുവരിക. വിശുദ്ധ ഖുർആനിൽ അഞ്ഞൂറിനടുത്ത് കൽപനകളുണ്ട്. ആ കൽപനകൾ മുഖേന അവൻ നിങ്ങളുടെ ഓരോ അവയവത്തെയും ഓരോ ശക്തിയെയും ഓരോ ജീവിത ശൈലിയെയും ഓരോ അവസ്ഥയെയും ഓരോ പ്രായത്തിലും സ്ഥാനമാനങ്ങളിലും കാര്യങ്ങൾ ഗ്രഹിക്കുന്ന അവസ്ഥയിലും വിവിധ പ്രകൃതത്തിലും വിവിധ വ്യക്തിത്വത്തിലും വിവിധ കൂട്ടായ അവസ്ഥയിലും നിങ്ങളെ പ്രകാശത്തിലേക്ക് ക്ഷണിച്ചിരിക്കുകയാണ്. അതുകൊണ്ട് ഈ ക്ഷണത്തെ നന്ദിപൂർവ്വം നിങ്ങൾ സ്വീകരിക്കുക. നിങ്ങൾക്ക് ഒരുക്കിയിരിക്കുന്ന ഈ വിഭവങ്ങൾ അതെല്ലാം കഴിക്കുക. അതിൽ നിന്നെല്ലാം ഫലമെടുക്കുക. ഈ കൽപ്പനകളിൽ നിന്ന് ഒരു കൽപനയെപ്പോലും നിരാകരിക്കുന്നവൻ വിധിനാളിൽ പിടിക്കപ്പെടുമെന്ന് ഞാൻ സത്യമായും പറയുന്നു. മോക്ഷം ആഗ്രഹിക്കുന്നുണ്ടെങ്കിൽ ദീനുൽ അജാഇസ് സ്വീകരിക്കുക. വിനയത്തോടെ വിശുദ്ധ ഖുർആനാകുന്ന നുകം തന്റെ കഴുത്തിലേറ്റുക. (ദീനുൽ അജാഇസ് എന്ന് പറഞ്ഞാൽ ഓരോ കൽപനയും എത്ര കണ്ട് പ്രാവർത്തികമാക്കാൻ സാധിക്കുമോ ചെയ്യുക എന്നതാണ്. പിന്നീട് പുരോഗതി പ്രാപിക്കുന്നതാണ്. തുടക്കത്തിൽ കഴിവിന്റെ പരമാവധി കൽപനകളനുസരിച്ച് പ്രവർത്തിക്കാൻ ശ്രമിക്കുക.)

പറയുന്നു. ദുർഭഗൻ നാശമടയുന്നതാണ്. ധിക്കാരി നരകത്തിൽ തള്ളപ്പെടുന്നതാണ്. താഴ്മയോടെ ആരാണോ തലതാഴ്ത്തിക്കൊടുക്കുന്നത് അവർ മരണത്തിൽ നിന്നും രക്ഷപ്പെടുന്നതാണ്. ഭൗതിക സുഖസൗകര്യങ്ങൾ പ്രതീക്ഷിച്ചുകൊണ്ട് അല്ലാഹുവിനെ ആരാധിക്കാതിരിക്കുക. അങ്ങനെയുള്ള ചിന്തകൾക്ക് നാശമാണ് ഫലം. നിങ്ങൾ ആരാധിക്കേണ്ടത് സ്വഷ്ടാവിനെ ആരാധിക്കേണ്ട കടമ സൃഷ്ടിക്കുണ്ട് എന്ന് കരുതിയായിരിക്കണം. നിങ്ങളുടെ ജീവിതം ആരാധനയായി മാറട്ടെ. നിങ്ങളുടെ ഓരോ സത്പ്രവർത്തനത്തിന്റെയും പിന്നിലുള്ള വികാരം നിങ്ങളുടെ യഥാർഥ പ്രേമിയും യഥാർഥ പ്രത്യുപകാരിയുമായ അല്ലാഹു നിങ്ങളോട് തൃപ്തിപ്പെടട്ടെ എന്നായിരിക്കണം. ഇതിനെക്കാൾ താണ ചിന്താഗതി കാലിടറാൻ കാരണമാകുന്നതാണ്.

ഈ റമദാനിൽ അല്ലാഹുവിനെ പ്രീതിപ്പെടുത്തുന്നവരായി നാം മാറട്ടെ. ഈ റമദാനോടൊപ്പം ദുആ സ്വീകാര്യതയും കൽപനകൾ പാലിക്കലും വിശ്വാസത്തിൽ ദൃഢതയും നാം കരസ്ഥമാക്കണം. അല്ലാഹു പറയുന്നു. ഞാൻ എന്റെ ദാസരുടെ നന്മക്കായും അവരെ ആപത്തുകളിൽ നിന്നും മുസീബത്തുകളിൽ നിന്നും നാശനഷ്ടങ്ങളിൽ നിന്നും രക്ഷിക്കുന്നതിനായും എപ്പോഴും തയ്യാറാണ്. എന്നാൽ ദാസർക്കും തന്റെ ദാസത്വത്തിന്റെ കടമകൾ നിറവേറ്റേണ്ടിയിരിക്കുന്നു. തങ്ങളെ എന്റെ വരിഷ്ഠ ദാസരിൽ ഉൾപ്പെടുത്തിക്കൊണ്ട് നിങ്ങൾക്കും അല്ലാഹുവിന്റെ ദാസർ ദൈവപ്രീതിക്കായി സൃഷ്ടികളുടെ നന്മക്കായി കൊണ്ടുവരുന്ന കൽപനകളനുസരിച്ച് പ്രവർത്തിക്കേണ്ടതായി വരും. അങ്ങനെ ലോകത്ത് ഇബാദുർറഹ്മാൻ വർദ്ധിക്കുമാറാകട്ടെ. ഈ ഇബാദുർറഹ്മാൻ മുഖേന ലോകം സ്നേഹത്തിന്റെയും സഹൃദത്തിന്റെയും സമാധാനത്തിന്റെയും വിളനിലമായിത്തീരട്ടെ. അങ്ങനെ ഈ ലോകത്ത് സ്വർഗ്ഗീയ അവസ്ഥ സംജാതമായിത്തീരട്ടെ. അതുകൊണ്ട് നമ്മുടെ വിശ്വാസത്തിലുള്ള ദൃഢതയുടെ വാദവും, കാലഘട്ടത്തിലെ ഇമാമിനെ വിശ്വസിക്കലും അംഗീകരിക്കലും ചെയ്തു എന്ന വാദവും സൃഷ്ടികളോടുള്ള നമ്മുടെ സഹാനുഭൂതിയും ഈ സുപ്രധാന കർത്തവ്യം ദൈവിക ജമാഅത്തുകളെ ഏൽപ്പിച്ചിരിക്കുന്നതാണ് നമ്മിൽ നിന്നും ആവശ്യപ്പെടുന്നത് നാം അല്ലാഹുവിന്റെ വരിഷ്ഠ ദാസരിൽ ഉൾപ്പെടണമെന്നാണ്. അല്ലാഹു ദുആ സ്വീകരിക്കുന്ന ദാസരിൽ നാം ഉൾപ്പെടേണ്ടതാണ്. തങ്ങളുടെ അവസ്ഥയിൽ മാറ്റം വരുത്തിയ ദാസരിൽ നാം ഉൾപ്പെടേണ്ടതാണ്. സൃഷ്ടികളോടുള്ള സഹാനുഭൂതി കാരണം അവരെ തിന്മയിൽ നിന്നും അല്ലാഹുവിന്റെ ശിക്ഷയിൽ നിന്നും രക്ഷപ്പെടുത്തുന്നവരിൽ നാം ഉൾപ്പെടേണ്ടതാണ്.

അതുകൊണ്ട് ഈ റമദാൻ ഇക്കാര്യങ്ങൾക്ക് ട്രെയ്നിങ്ങ് നൽകാനും യഥാർഥ ദാസരായിത്തീരാനും നമ്മുടെ വിശ്വാസത്തിൽ ദൃഢത കൈവരിക്കാനും അങ്ങിനെ ശോഭയുള്ളതാക്കിത്തീർക്കാനുമാണ് വന്നത്. അത്കൊണ്ട് ഇതിനെ നാം പ്രയോജനപ്പെടുത്തുകയാണെങ്കിൽ നാം സൗഭാഗ്യവാന്മാരായിരിക്കും. അല്ലാഹു നമുക്കിതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ.

ലോകരെ ഇന്ന് ഫസാദിൽ നിന്നും രകഷിക്കാനും നാശത്തിന്റെ ഗർത്തത്തിൽ ആപതിക്കുന്നതിൽ നിന്നും സംരക്ഷിക്കാനും ഭൗതിക സാമധനസാമഗ്രികളുടെ ആവശ്യമില്ല. അവ കൊണ്ടൊന്നും ഇത് നടക്കുകയുമില്ല. അതിന് വേണ്ടത് ദുആയുടെ ആയുധം മാത്രമാണ്. അത്കൊണ്ട് റമദാനിൽ നമുക്ക് വേണ്ടിയും നമ്മുടെ മക്കളുടെ ദൈവസാമിപ്യത്തിന് വേണ്ടിയും ദുആ ചെയ്യുന്നതോടൊപ്പം ഈ ലോകത്ത് നാശത്തിൽ നിന്ന് രക്ഷിക്കുന്നതിന് വേണ്ടിയും ദുആ ചെയ്യുക. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام പറയുന്നു. മുസ്ലീംകൾക്കുള്ള മഹത്തായ ഭാഗ്യം എന്നത് അവരുടെ ദൈവം പ്രാർഥന കേൾക്കുന്നവനാണെന്നതാണ്. എന്നാൽ ഇതിനെക്കുറിച്ചുള്ള ശരിയായ അറിവ് ഇന്ന് അഹ്മദികൾക്ക് മാത്രമാണുള്ളത്. നമ്മുടെ ദൈവം ദുആകൾ കേൾക്കുന്നവനാണെങ്കിൽ നിരാശരാകേണ്ട ഒരു ആവശ്യവുമില്ല. നാം നിരാശരല്ല. اِنْ شَآءَ الله ജമാഅത്തിന്റെ വിജയവുമായി ബന്ധപ്പെട്ടുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് عليه السلام പറഞ്ഞ കാര്യങ്ങളെല്ലാം പൂർത്തിയാകും എന്നതിൽ ഒരു സംശയവുമില്ല. തിരുനബി ﷺ യുടെ പതാക ലോകത്ത് പാറിപ്പറക്കുന്ന ആ സുദിനം വരിക തന്നെ ചെയ്യും. അല്ലാഹുവിന്റെ സന്മാർഗം കരസ്ഥമാക്കിയവരുടെ അംഗസംഖ്യ ആ നാളിൽ അധികമായിരിക്കും.

വീണ്ടും ഞാൻ ഓർമ്മപ്പെടുത്തുകയാണ്. അല്ലാഹു നമ്മെ അവന്റെ മാർഗദർശനം കരസ്ഥമാക്കിയ വരിഷ്ഠദാസരിൽ ഉൾപ്പെടുത്തട്ടെ എന്ന് എപ്പോഴും ദുആ ചെയ്തുകൊണ്ടിരിക്കുക. അല്ലാഹുതആല ഈ റമദാനിൽ നമുക്കെല്ലാവർക്കും അതിന്റെ അനുഗ്രഹങ്ങൾ കരസ്ഥമാക്കാനുള്ള തൗഫീഖ് നൽകുമാറാകട്ടെ.

ഇന്നും ചില ജനാസ ഗാഇബ് ഉണ്ട്.

ഒരു ജനാസ സുബേദാർ റിട്ടയേർഡ് രാജാ മുഹമ്മദ് മിർസാ ഖാൻ സാഹിബിന്റെതാണ്. ഇദ്ദേഹം റബ്‌വ സ്വദേശിയാണ്. ഓഗസ്റ്റ് 4 ന് 90-ാം വയസ്സിലാണ് വഫാത്തായത്. إِنَّا لِلّٰهِ وَإِنَّا إِلَيْهِ رَاجِعُونَ സൈന്യത്തിലാണ് ജോലി ചെയ്തത്. രണ്ടാം ലോക മഹായുദ്ധത്തിൽ സൈന്യത്തിലുണ്ടായിരുന്നു. പാക്കിസ്ഥാൻ രൂപീകരിക്കുന്നതിന് കുറച്ച് വർഷം മുമ്പ് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് رضي الله عنه വിന്റെ അടുത്ത് വന്ന് ഖാദിയാനിൽ താമസിച്ചു. ഫുർഖാൻ ബറ്റാലിയനിൽ സേവനമനുഷ്ഠിക്കാൻ സാധിച്ചു. 1953 ൽ ചില സുപ്രധാന പ്രവർത്തനങ്ങൾ ചെയ്യാൻ സാധിച്ചു. തഹജ്ജുദ് നമസ്കരിക്കുന്ന ആളും തിലാവത്ത് കൃത്യമായി ചെയ്യുന്ന ആളുമായിരുന്നു. നമസ്ക്കാരം കൃത്യമായി അനുഷ്ഠിക്കുന്ന ആളും ഉള്ളതിൽ തൃപ്തിപ്പെട്ട് ജീവിക്കുന്ന, അല്ലാഹുവിൽ തവക്കുൽ ചെയ്യുന്ന ആളുമായിരുന്നു. ദഅ്‌വത്തെ ഇലല്ലാഹ് പ്രവർത്തനത്തിൽ വലിയ ആവേശമുണ്ടായിരുന്നു. ഖിലാഫത്തിനോട് നല്ല ബന്ധമായിരുന്നു. ഖലീഫയുടെ എല്ലാ പ്രോഗ്രാമുകളും വളരെ ശ്രദ്ധയോടെ കാണുകയും കേൾക്കുകയും ഓർമ്മയിൽ സൂക്ഷിക്കാൻ ശ്രമിക്കുകയും ചെയ്തിരുന്നു. മൂസി ആയിരുന്നു. 3 പെൺകുട്ടികളും 2 ആൺകുട്ടികളുമുണ്ട്. രാജാ മുനീർ അഹ്‌മദ് സാഹിബ് എന്ന ഒരു മകൻ ജാമിഅ അഹ്‌മദിയ്യാ റബ്‌വയുടെ പ്രിൻസിപ്പലാണ്. രാജാ മുഹമ്മദ് യൂസുഫ് സാഹിബ് ജർമ്മനിയിലെ ഉമൂറെ ഖാരിജാ സെക്രട്ടറിയാണ്. അല്ലാഹു മർഹൂമിന്റെ പദവികൾ ഉയർത്തുമാറാകട്ടെ.

അമീനാ ബീഗം സാഹിബ റബ്‌വയുടെതാണ് രണ്ടാമത്തെ ജനാസ. ശൈഖ് നദീർ അഹ്‌മദ് സാഹിബിന്റെ ഭാര്യയാണിവർ. ഓഗസ്റ്റ് 7 നാണ് വഫാത്തായത്. إِنَّا لِلّٰهِ وَإِنَّا إِلَيْهِ رَاجِعُونَ ഖാദിയാനിൽ നിന്നും ഹിജ്റത്ത് ചെയ്തു വന്ന റബ്‌വയിലെ ആദ്യകാല നിവാസികളിൽ ഉൾപ്പെടുന്നു. സൽസ്വഭാവിയും സേവന തൽപരതയുള്ളവരുമായിരുന്നു. മുഖ്‌ലിസയായിരുന്നു. ഖിലാഫത്തിനോട് ആത്മാർഥ കൂറും സ്നേഹവും ഉണ്ടായിരുന്നു. മുഹല്ലാ അടിസ്ഥാനത്തിൽ 50 വർഷത്തോളം വിവിധ വകുപ്പുകളിൽ ലജ്നയിൽ പ്രവർത്തിക്കാൻ സാധിച്ചു. പ്രവർത്തനത്തിന് അവാർഡുകളും കരസ്ഥമാക്കി. കുട്ടികൾക്ക് ഉന്നതവിദ്യാഭ്യാസം നൽകി. മുഹല്ലയിലെ കുട്ടികളെ വിശുദ്ധ ഖുർആൻ പഠിപ്പിക്കുമായിരുന്നു. ഇവരുടെ മകൻ ശൈഖ് മുബാറക് അഹ്‌മദ് നാസിർ ബൈത്തുൽ മാൽ ആമദ് റബ്‌വയാണ്. ശൈഖ് നദീർ അഹ്‌മദ് സാഹിബ് ജർമ്മനിയാണ് മറ്റൊരു മകൻ. അദ്ദേഹം അൻസാറുല്ലാ ജർമ്മനിയുടെ ദഅ്‌വത്തെ ഇലല്ലാഹ് ഖാഇദാണ്. ഇവരുടെ ഒരു മരുമകൻ മുറബ്ബിയുമാണ്. അയൽവാസികളുമായി ഇവർക്ക് നല്ല ബന്ധമായിരുന്നു. വസിയ്യത്ത് ചെയ്തിരുന്നു. അല്ലാഹു ഇവരുടെ പദവികൾ ഉയർത്തുമാറാകട്ടെ.

# PRINTED BOOKS

From
T. Jamshad
Ahmadiyya Mission House
K.N.Road Karapparamba Calicut -10

KHUTBA: HADRAT MIRZA MASROOR AHMED (atba)
on 2011 August 12 at : Baitul Futuh, London
Translation: M. Nasir Ahmed Kodiyathur 09497343704

Typing: M.P. Abdul Latheef Calicut
Page Layout: T. Jamshad Mukkam
Published by: **Majlis Khuddamul Ahmadiyya, North Kerala**